# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1156** **03/12/2015 ൽ മറുപടിക്ക്**

## സ്കൂൾ യൂണിഫോം വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.നാരായണൻ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ ഒന്നാമത്തെ ബജറ്റിൽ (2011-12) സംസ്ഥാനത്തെ സ്കൂളുകളിലെ ആറ് മുതൽ പതിനാല് വയസ്സുവരെ പ്രായമുള്ള എല്ലാ വിദ്യാർത്ഥികൾക്കും യൂണിഫോം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇത് നടപ്പിലാക്കാനായിട്ടുണ്ടോ; | എ) നിലവിൽ എസ്.എസ്.എ പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം നടത്തുന്നുണ്ട്. എന്നാൽ എയ്ഡഡ് മേഖലയിൽ പഠിക്കുന്ന ഇതേ കാറ്റഗറിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം എം.എച്ച്.ആർ.ഡി മാനദണ്ഡം അനുസരിച്ച് ലഭിക്കുന്നതല്ല. വിവേചനപരമായ ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കുന്നതിനാണ് സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ 2013-14 പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. |
| ബി) നിലവിൽ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കാണ് യൂണിഫോം നൽകുന്നത്; | ബി) നിലവിൽ ഒന്നുമുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം നടത്തുന്നുണ്ട്. |
| സി) ഇതിനുള്ള ഫണ്ട് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് ലഭിക്കുന്നത്; | സി) സർക്കാർ സ്കൂളുകളിലെ യൂണിഫോം വിതരണം കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടുപയോഗിച്ചും എയ്ഡഡ് മേഖലയിലെ യൂണിഫോം വിതരണം സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ടുപയോഗിച്ചുമാണ് നടത്തുന്നത്. |
| ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും വർഷത്തിൽ അദ്ധ്യയന വർഷാരംഭത്തിൽ യൂണിഫോം വിതരണം ചെയ്യാനായിട്ടുണ്ടോ; അദ്ധ്യയന വർഷം അവസാനിച്ചശേഷം ആ വർഷത്തെ | ഡി) പദ്ധതി നടപ്പിലാക്കി തുടങ്ങിയ 2013-14 കാലഘട്ടത്തിൽ മാത്രമേ കാലതാമസം നേരിട്ടുള്ളൂ. തുടർന്നുള്ള എല്ലാ വർഷങ്ങളിലും യൂണിഫോം യഥാസമയം വിതരണം ചെയ്തുവരുന്നുണ്ട്. |

യൂണിഫോം വിതരണം ചെയ്യുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ;

ഇ) എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് പൂർണ്ണമായും യൂണിഫോം നൽകുന്നുണ്ടോ; വിശദമാക്കാമോ?

ഇ) എയ്ഡഡ് സ്കൂളിലെ ഒന്നുമുതൽ എട്ടുവരെയുള്ള എല്ലാ പെൺകുട്ടികൾക്കും, എസ്.സി, എസ്.റ്റി ആൺകുട്ടികൾക്കും, ബി.പി.എൽ ആൺകുട്ടികൾക്കും യൂണിഫോം നൽകുന്നുണ്ട്. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ആൺകുട്ടികൾക്ക് മാത്രമാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കാത്തത്.

സെക്ഷൻ ഓഫീസർ